സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് അപേക്ഷിക്കാനുള്ള പ്രായ പരിധി

1019. [1516] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി അനുസരിച്ച് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സഹായധനം നൽകുന്നത് എത്ര വയസ്സുവരെയുള്ളവർക്കാണ് ;

(ബി) ഇതിന്റെ പ്രായപരിധി 40 വയസ്സാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-നും, 55-നും മദ്ധ്യേ പ്രായമുള്ളവർക്കാണ് ടി പദ്ധതി പ്രകാരം സഹായധനം നൽകുന്നത്.

(ബി) സ്വയംതൊഴിൽ പദ്ധതി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന ഒരു ദേശീയ പദ്ധതിയാണ്. ഇതിന്റെ പ്രായപരിധി ഉയർത്തുന്ന കാര്യം തീരുമാനിക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്.

ചാലക്കുടി റിഫ്റാക്ടറീസ്

1020. [1517] ശ്രീ.കെ.ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലുള്ള റിഫ്റാക്ടറീസ് എന്ന സ്ഥാപനം എന്നാണ് തുടങ്ങിയത് ;

(ബി) നാളിതുവരെ ഈ കമ്പനി ലാഭത്തിൽ പ്രവർത്തിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു വർഷത്തിലാണ് ലാഭമുണ്ടായത് ;

(ഡി) ഈ കമ്പനിക്ക് ഇപ്പോഴും എത്ര രൂപയുടെ നഷ്ടം ഉണ്ട് ;

(ഇ) ഇപ്പോഴത്തെ ചെയർമാൻ ആരാണ് ;

(എഫ്) ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 15-3-1969-ൽ ചാലക്കുടി പോട്ടറീസ് ലിമിറ്റഡ് എന്ന പേരിലാണ് ഈ കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചത്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 31-3-1985 വരെയുള്ള കണക്കനുസരിച്ച് 134.14 ലക്ഷം രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഇ) ശ്രീ. ആർ. എം. പരമേശ്വരൻ.

LIBRARY ARCHIVES Kerala Legislative Assembly